# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/278/2016 പത്രക്കുറിപ്പ് 2016 **ഡിസംബർ 30**

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. അനലിറ്റിക്കൽ കെമിസ്ട്രി (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ 2017 ജനുവരി 11 വരെ സ്വീകരിക്കും.

**കോപ്പി ഹോൾഡർ കരാർ നിയമനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രതിമാസം 20000/- രുപ പ്രതിഫലത്തിൽ കരാർ അടിസ്ഥാനത്തിൽ കോപ്പി ഹോൾഡർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. എസ്.എസ്.എൽ.സി, പ്രൂഫ് റീഡിംഗ് (ലോവർ) എം.ജി.റ്റി. ഇ /കെ.ജി.റ്റി. ഇ, 18 മാസത്തെ പ്രവർത്തി പരിചയം എന്നിവ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18-36.( നിയമാനുസൃത വയസ്സിളവ് അനുവദിക്കുന്നതാണ്). താത്പര്യമുള്ളവർ ബയോഡേറ്റയും സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും, മൊബൈൽ നമ്പറും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ 2017 ജനു: 20 ന് 5 മണിക്കു മുൻപായി അപേക്ഷ സമർപ്പിക്കണം.

**സമതുലിതമായ പങ്കാളിത്തവും വിലസ്ഥിരതയും ജൈവകൃഷിയുടെ മുഖമുദ്ര : ''പ്രത്യാശയുടെ വിത്തുകൾ'' എന്ന കാർഷികസംരഭത്തിന്റെ ഉപജ്ഞാതാവ് :- റുഡോൾഫ്**

രാസകടുംകൃഷിയുടെ പ്രത്യാഘാതങ്ങൾ പരിഗണിക്കുമ്പോൾ ജൈവ കൃഷി നാലുമടങ്ങു ഫലപ്രദമാണെന്നു പ്രശസ്ത ജർമ്മൻ കാർഷിക വിദഗ്ധനായ റുഡോൾഫ് ബുലർ, പ്രസ്താവിച്ചു. ''പ്രത്യാശയുടെ വിത്തുകൾ'' എന്ന കാർഷിക സംരംഭത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം സമതുലിതമായ പങ്കാളിത്തവും മികച്ച ജൈവ ഉല്പന്നങ്ങൾക്ക് വില സ്ഥിരതയും ജൈവ കൃഷിയുടെ മുഖമുദ്രകളായി അവതരിപ്പിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാല ജൈവകാർഷിക പഠനകേന്ദ്രം സംഘടിപ്പിച്ച ത്രിദിന അന്താരാഷ്ട്ര ജൈവകൃഷി സമ്മേളനത്തിന്റെ ഭാഗമായ കർഷക സംഗമം മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദേശ പ്രതിനിധികൾ ഉൾപ്പെടുന്ന വിദഗ്ധസംഘം ജൈവകൃഷിയുടെ സാധ്യതകളും പുതിയ ഗവേഷണ പഠനങ്ങളും വിപണിയുടെ രംഗത്തെ ഇടപെടലുകളും കർഷക പ്രതിനിധികളുമായി സംവാദം നടത്തി. കേരളത്തിൽ ഭയാനകമായി വർദ്ധിച്ചുവരുന്ന അർബുദ രോഗികളുടെ എണ്ണം കാർഷിക മേഖലയിൽ പുത്തൻ അന്വേഷണങ്ങളെ ബലപ്പെടുത്തുന്നതായി സമ്മേളനം വിലയിരുത്തി. കാർഷികോത്പന്നങ്ങൾ കർഷകർ തന്നെ ഏറ്റെടുക്കണമെന്നും ഉല്പാദന ചിലവിന് ആനുപാതികമായ വില ഉല്പന്നങ്ങൾക്ക് ലഭ്യമാക്കണമെന്നും ആവശ്യം ഉയർന്നു. സ്വതന്ത്ര ഇന്ത്യയിൽ കർഷകർക്കു പ്രാമുഖ്യമുള്ള വിപണി ഇനിയും ഉണ്ടായിട്ടില്ലെന്ന പരാതി പ്രതിനിധികൾ ഉന്നയിച്ചു.

വിവിധ സെഷനുകളിൽ കൃഷി ഓഫീസർ എം.ഹാരീസ്, കാർഷിക മാധ്യമ പ്രവർത്തകൻ ജയിംസ് ജേക്കബ്, കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ജാൻസി കെ.കോശി പ്രമുഖ പ്ലാവു ഗവേഷകനായ പ്ലാവ് ജയൻ, ഊർജ്ജ സംരക്ഷകൻ സി.കെ.ഉണ്ണികൃഷ്ണൻ നായർ എന്നിവർ പങ്കെടുത്തു. ഏഷ്യയിലെയും ആഫ്രിക്കയി

ലേയും ജൈവകൃഷിരീതികൾ പരിചയപ്പെടുത്തുന്ന ഡോക്യുമെന്ററി പ്രദർശനവും മേളയുടെ ഭാഗമായി ഉണ്ടായിരുന്നു. ''ഉർവര'' അഗ്രികൾച്ചർ ഫെസ്റ്റിന്റെ ഭാഗമായി വയലി ബാംബു സംഗീതവും വൈകുന്നേരം നടന്നു.

സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടന്ന രാജ്യാന്തര സെമിനാറിൽ അഡലെയ്ഡ് യൂണിവേഴ്സിറ്റിയിലെ ജുങ്കോ സുഹ്, സ്പെയിനിലെ സേവ്യർ പ്യൂഗ്, ജർമ്മനിയിലെ റുഡോൾഫ് ബുലർ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മിസോറാം സർവ്വകലാശാലയിലെ ടി.കെ.ഹസാരിക,, അലിഗഢ് മുസ്ലീം സർവ്വകലാശാലയിലെ സർത്താജ്.എ.ത്യാഗി, ബി.ഡബ്ല്യൂ നർലാക്കർ, അമീനാ.എം, ആർ.സുന്ദരരാജ്, നൂതൻ കൗശിക്, സാബു തോമസ്സ്, രാധാകൃഷ്ണൻ.എം.കെ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

**വിദ്യാഭ്യാസ മന്ത്രി ഇന്ന് (ഡിസം:31) രാജ്യാന്തര ജൈവകാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യും :**

ഇന്നു രാവിലെ (ഡിസം : 31) 9.30 ന് സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയും സർവ്വകലാശാല പ്രോ ചാൻസിലറുമായ പ്രൊഫ : സി രവീന്ദ്രനാഥ് സർവ്വകലാശാലാ അസംബ്ലിഹാളിൽ ജൈവ കാർഷിക സമ്മേളനത്തിന്റെ പ്രതിനിധികളെ അഭിസംബോധന ചെയ്യും. അന്തർ സർവ്വകലാശാലാ ജൈവകാർഷിക പഠനകേന്ദ്രം ആരംഭിക്കുന്ന ജൈവ കൃഷിതോട്ടത്തിന്റെ ഉദ്ഘാടനം സർവ്വകലാശാലാ ക്യാമ്പസിൽ നാടൻ പ്ലാവും മാവും നട്ട് വിദ്യാഭ്യാസ മന്ത്രി നിർവ്വഹിക്കും. രാജ്യാന്തര സെമിനാറിൽ ഡോ: പി.എം രാജൻ ഗുരുക്കൾ, വി.പൊന്നുസ്വാമി, എസ്.കെ.ത്രിപാഠി. ആർ.കെ.ഭട്ടാചാര്യ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും.

കർഷകസംഗമത്തിൽ പ്രശസ്ത കിഴങ്ങുവിള കർഷകൻ പി.ജെ.മാനുവൽ വയനാട് സംസാരിക്കും. ആധുനിക കാലത്തെ ജൈവകൃഷി എന്ന വിഷയം ഡോ : എൻ.കെ.ശശിധരനും ജൈവജീവിതവും മാധ്യമങ്ങളും എന്നവിഷയം പ്രശസ്ത കൃഷിമാധ്യമ വിദഗ്ധൻ അശോക്കുമാറും അവതരിപ്പിക്കും. ഡോ : ജയദേവൻ, ഡോ : എ.പി.തോമസ്സ്, കെ.എം.മാത്യു, വിനോദ് ഇരിങ്ങാലക്കുട, ഡെന്നീസ്ജോർജ്ജ്, ഷൈൻ കെ.എസ് എന്നിവർ വിവിധ സെഷനുകൾ നയിക്കും.

പ്രദർശന നഗറിൽ പ്രവേശനം സൗജന്യമാണ്.

**എം.ജിക്ക് 312 കോടിയുടെ ബജറ്റ് – വിദ്യാർത്ഥി സേവനങ്ങളും പരീക്ഷാ സംവിധാനവും സർട്ടിഫിക്കറ്റുകളും ഓൺ ലൈനിലേക്ക് – വിദ്യാർത്ഥി – ഗവേഷക സൗഹൃദ ബജറ്റ്**

ചാൻസലേഴ്സ് അവാർഡ് കരസ്ഥമാക്കിയ മഹാത്മഗാന്ധി സർവ്വകലാശാലയ്ക്ക് 311.97 കോടി രൂപയുടെ ചെലവും 238.74 കോടി രൂപയുടെ വരവും പ്രതീക്ഷിക്കുന്ന ബജറ്റ്. 73.22 കോടി രൂപയാണ് കമ്മി പ്രതീക്ഷിക്കുന്നത്. വൈസ് ചാൻസലർ ഡോ.ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ കെ. ഷെറഫുദ്ദീനാണ് പ്രസ്തുത സിൻഡിക്കേറ്റ് യോഗത്തിൽ ബജറ്റ് അവതരിപ്പിച്ചത്. സർവ്വകലാശാല ബജറ്റ് സ്റ്റാറ്റ്യൂട്ടറി നിബന്ധന പ്രകാരം ഡിസംബറിൽ തന്നെ അവതരിപ്പിച്ചുവെന്നതും ഇത്തവണത്തെ പ്രത്യേകതയാണ്.

2016–17 ൽ 243.54 കോടി രൂപയുടെ വരവും 403.87 കോടി രൂപയുടെ ചെലവും 160.3 കോടി രൂപ കമ്മിയുമാണ് വിഭാവന ചെയ്തിരുന്നത്.

സർവ്വകലാശാലയെ വിദ്യാർത്ഥി സൗഹൃദമാക്കാനും രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുവാനുമായി നിരവധി കർമ്മപദ്ധതികളാണ് ബജറ്റ് നിർദ്ദേശങ്ങളിലുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കംപ്യൂട്ടർവൽകൃത വിദ്യാർത്ഥി സേവന സംവിധാനം ഉടൻ ആരംഭിക്കും. സ്റ്റുഡൻസ് അമിനിറ്റി സെന്ററിന് 3 കോടി രൂപ അനുവദിച്ചു. വിദ്യാർത്ഥികൾക്കുള്ള അപകട ഇൻഷ്വറൻസ് ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷമായി വർദ്ധിപ്പിച്ചു. യൂണിവേഴ്സിറ്റി യൂണിയന് 40 ലക്ഷം രൂപ നീക്കിവെച്ചു. പരീക്ഷാ ചോദ്യപേപ്പറുകളുടെ വിതരണം ഓൺലൈനിലാക്കും. അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സഹകരണത്തോടെ ഓൺലൈനായി ഉത്തരകടലാസ്സുകൾ മൂല്യനിർണ്ണയം നടത്തുവാനുള്ള നടപടികൾ കൈക്കൊള്ളും. ഇതിനുള്ള സോഫ്റ്റ്വെയറും സാങ്കേതിക സംവിധാനങ്ങളും സർവ്വകലാശാലയിൽ തന്നെ വികസിപ്പിച്ചെടുക്കും. ആദ്യഘട്ടത്തിൽ പി.ജി. പ്രോഗ്രാമുകളായിരിക്കും ഈ സംവിധാനത്തിലാക്കുക.

എലിജിബിലിറ്റി, ഇക്വലൻസി, ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ ലഭ്യമാക്കും. പി.എച്ച്.ഡി സംബന്ധമായ നടപടികൾ പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിക്കും. പരീക്ഷാ റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യും. ഇ–ജേർണലുകളും ഇ–ബുക്കുകളും വാങ്ങുവാനായി 2 കോടി രൂപ നിക്കിവെച്ചു. നിലവിലുള്ള പഠന വകുപ്പുകളും അക്കാദമിക് സെന്ററുകളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ 3 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

നാനോ ടെക്നോളജി ആന്റ് നാനോ സയൻസിനായി സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കും. ലൈഫ് ലോംഗ് ലേണിംഗ് വകുപ്പിന്റെ കീഴിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം തുടങ്ങും. പരിസ്ഥിതി ശാസ്ത്രത്തിലും, എൻജിനീയറിംങ്ങിലും, എം.ടെക്ക് പ്രോഗ്രാം, ഗണിത ശാസ്ത്രത്തിലും, സ്ഥിതി വിവര ശാസ്ത്രത്തിലും, ഇന്റഗ്രേറ്റഡ് എം.എസ്.സി., എം.എ(ഹിന്ദി), എം.എ(കൗൺസിലിംഗ്), എൽ.എൽ.എം(ഈവ നിംഗ്), സർവ്വകലാശാല സ്വാശ്രയ സ്ഥാപനങ്ങളിൽ എം.എസ്.സി(ജിയോളജി), സൈക്കോളജി, ഫുഡ് സയൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ പ്രോഗ്രാമുകൾ ആരംഭിക്കും. വിദേശ വിദ്യാർത്ഥികൾക്കായി പ്രത്യേക താമസ സൗകര്യമൊരുക്കാൻ ഒരുകോടി രൂപ വകയിരുത്തി

മികച്ച ഗവേഷണ പ്രബന്ധ രചനകൾക്ക് പതിനായിരും രൂപ ക്യാഷ് അവാർഡ് നൽകും. അദ്ധ്യാപ കരും ഗവേഷകരും ഓരോ വിഷയത്തിലുംപ്രസിദ്ധീകരിക്കുന്ന പുസ്തകത്തിനും പ്രബന്ധത്തിനും 10,000/- രൂപയുടെ പ്രത്യേക പുരസ്കാരം ഏർപ്പെടുത്തി.ഇൻഡ്യൻ പേറ്റന്റുകൾ നേടുന്നവർക്ക് കാൽ ലക്ഷം രൂപയും, അന്താരാഷ്ട്ര പേറ്റന്റുകൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപയും നൽകി ആദരിക്കും. മികച്ച ഗവേഷണ പ്രബന്ധം തയ്യാറാക്കുവാൻ നേതൃത്വം നൽകുന്ന റിസർച്ച് ഗൈഡിന് അരലക്ഷം രൂപയുടെ പ്രത്യേക പുരസ്കാ രവും, ഏറ്റവും കൂടതൽ ഗവേഷക ഗ്രാന്റ് നേടുന്ന അദ്ധ്യാപകന് ഒരു ലക്ഷം രൂപയും നൽകും. ഗവേഷണ ഫെല്ലോഷിപ്പുകൾക്കായി 3 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

സെന്റർ ഫോർ എൻവയോൺമെന്റ് ഓഡിറ്റ് ആൻഡ് കൺസൾട്ടൻസി, സെന്റർ ഫോർ സ്റ്റഡീസ് ഇൻ ബയോ ഇൻഫർമാറ്റിക്സ്, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ബിസിനസ്സ് ഇക്യുബേഷൻ സെന്റർ ആൻഡ് സയൻസ് പാർക്ക്, സൗരോർജ ഗവേഷണശാല, ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രം, കംപ്യൂട്ടർ ഫാബ് ലാബ്, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജൈവ വൈവിധ്യ പാർക്ക്, പ്രോജക്ട് സെൽ, , ഇ-ഓഡി റ്റിംഗ്, അക്കാദമിക് ഓഡിറ്റ് സംവിധാനം എന്നിവ പുതിയ നിർദ്ദേശങ്ങിൽപ്പെടുന്നു. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെ കെട്ടിടനിർമ്മാണത്തിന് 2 കോടിരൂപ അനുവദിച്ചു. ജിവനക്കാരുടെയും അദ്ധ്യാപകരുടെയും ക്വാർട്ടേഴ്സുകൾക്കായി 3 കോടി രൂപയും, ജീവനക്കാർക്കുളള പരിശീലന കേന്ദ്രത്തിന് 50 ലക്ഷം രൂപയും പെൻഷൻ റിസർവ് ഫിലേക്ക് 5 കോടി രൂപയും വകയിരുത്തി പി.എഫ് ഇടപാടുകൾ പൂർണ്ണമായി കംപ്യൂട്ടർ വൽക്കരിക്കും. ജിവനക്കാർക്കും അദ്ധ്യാപകർക്കും പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കും തുടക്കമി ടും. വിരമിച്ച ജീവനക്കാർക്ക് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുവാനായി ജീവൻ പ്രമാൺ എന്ന ഓൺ ലൈൻ സംവിധാനം നിലവിൽ വരും.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടക്കുന്ന രാജ്യാന്തര കാർഷിക സമ്മേളനത്തിന്റെ പ്രദർശന നഗറിൽ നിന്ന്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടക്കുന്ന കാർഷിക സംഗമത്തിൽ പ്രദർശിപ്പിച്ച പരമ്പരാഗത കാർഷിക ഉപകരണങ്ങളായ ചക്രവും, പെട്ടകവും, കലപ്പയും, ഞവിരിയും, മത്സ്യബന്ധന സാമഗ്രികളായ കൂട്, ഒറ്റാൽ തുടങ്ങിയവ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**